# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2689</u>

<u>14.02.2013 ൽ മറുപടിയ്ക്ക്</u>

## <u>കേരളത്തിലെ എല്ലാ പുഴകളെയും സംരക്ഷിക്കാൻ സമഗ്ര പദ്ധതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ എല്ലാ പുഴകളെയും സംരക്ഷിക്കുവാൻ സമഗ്ര പദ്ധതിയ്ക്ക് രൂപം നൽകാൻ ജലവിഭവ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ; | (എ) കേരളത്തിലെ പുഴകളെയും ജല സ്രോതസ്സുകളെയും സംരക്ഷിക്കു വാൻ സമഗ്രപദ്ധതിയ്ക്ക് രൂപം നൽകു വാൻ ഉദ്ദേശിക്കുന്നുണ്ട്.<br>ജലസ്രോതസ്സുകളും തണ്ണീർത്തട ങ്ങളും സംരക്ഷിക്കുക, ജലമലിനീക രണം തടയുക. ജലസ്രോതസ്സുകളെ പ്രതികൂലമായി ബാധിക്കുന്ന തര ത്തിലുള്ള പ്രകൃതിചൂഷണം തടയുന്ന തിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക എന്നിവ ലക്ഷ്യമിട്ട് സംസ്ഥാനനദീ തണ്ണീർത്തട അതോറിറ്റി രൂപീകരി ക്കുന്നതിനായി കേരള ജലസേചന ജലസംരക്ഷണ ആക്റ്റിൽ ഭേദഗതി വരുത്തി കേരള ജലസേചന ജലസംരക്ഷണ ഭേദഗതി ഓർഡി നൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഓർഡിനൻസിന് നിയമപ്രാബല്യം ലഭിക്കുന്ന പക്ഷം പ്രസ്തുത അതോറി റ്റിയും, തണ്ണീർത്തട ബോർഡുകളും രൂപീകരിക്കുവാനും നദികളുടെയും, തണ്ണീർത്തടങ്ങളുടെയും സംരക്ഷണ ത്തിനായി സമഗ്രപദ്ധതികൾ ആവി ഷ്കരിക്കുവാനും, വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുവാനും സാധിക്കും. |
| (ബി) എത്ര തുകയുടെ പദ്ധതിയ്ക്കാണ് ഇപ്പോൾ രൂപം നൽകിയിട്ടുള്ളത് ; പ്രസ്തുത പദ്ധതികളെല്ലാം ഘട്ടം ഘട്ടമായി എപ്പോൾ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (ബി) സംസ്ഥാനത്തെ ഭാരതപ്പുഴ, പമ്പ, പെരിയാർ, കരമന-കിള്ളി എന്നീ നദികളിൽ ജലലഭ്യത ഉറപ്പു വരുത്തുന്നതിനും, മാലിന്യനിർമ്മാർജ്ജന ത്തിനും നദീതട അടിസ്ഥാനത്തിൽ നദീതീരവികസനത്തിനുമായി യഥാ ക്രമം 1222, 950, 807 499 കോടി രൂപയുടെ പദ്ധതികൾ തയ്യാറാക്കി |

ക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന പക്ഷം പ്രസ്തുത പദ്ധതികൾ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി കാലയളവിൽ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

| | | | |
|---|---|---|---|
| (സി) | കേരളത്തിലെ നദികളെ വൻതോതിലുള്ള മണലെടുപ്പും കൈയ്യേറ്റവുംമൂലം പാരിസ്ഥിതിക നാശം നേരിടുന്നത് ഒഴിവാക്കാൻ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (സി) | നദികളിലെ മണലെടുപ്പും, കൈയ്യേറ്റവും തടയുന്നതിനുള്ള നിയമങ്ങൾ കർശനമായി പാലിക്കുന്നുണ്ട്. ഇതുമൂലമുള്ള പാരിസ്ഥിതികനാശം നേരിടുന്നതിനായി ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും ജലലഭ്യത ഉറപ്പാക്കുന്നതിനുമായി റെഗുലേറ്ററുകൾ, തടയണകൾ തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | നദീ സംരക്ഷണത്തിനായി എന്തു തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; പ്രസ്തുത പദ്ധതി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു ; വിശദമാക്കുമോ ? | (ഡി) | കേന്ദ്രസഹായത്തിനായി നൽകിയിട്ടുള്ള പദ്ധതികൾക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ അവ ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ